പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *550

27-03-2018-ലെ

മറുപടിയ്ക്ക്

## ഇൻഷ്വർ ചെയ്യിട്ടില്ലാത്ത വിളകൾക്കുള്ള നഷ്ടപരിഹാര തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.അനിൽ അക്കര** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** ഇൻഷ്വർ ചെയ്യിട്ടില്ലാത്ത കാർഷിക വിളകൾ കേന്ദ്രസർക്കാരിന്റെ പുതിയ മാനദണ്ഡപ്രകാരം ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കേന്ദ്ര സഹായം ഗണ്യമായി കുറയുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | **(എ)** ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്. ഡി. ആർ. എഫ്) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ 08.04.2015 ൽ പരിഷ്കരിച്ചിരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ സംസ്ഥാനത്തിൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് നം. ജി.ഒ(എം.എസ്)നം. 194/15/ഡി.എം.ഡി. തീയതി. 20.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാര തുക 11.06.2012-ലെ സ.ഉ (എം.എസ്) 239/2012/ഡി.എം.ഡി. പ്രകാരം സംസ്ഥാന സർക്കാർ നൽകിവരുന്ന നഷ്ടപരിഹാര നിരക്കുകളേക്കാൾ കുറവാണ്. |
| **(ബി)** ഇതുമൂലം ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വിശദമാക്കാമോ ; | **ബി)** 29.09.2015 ലെ സർക്കാർ ഉത്തരവ് നം. 182/15/കൃഷി പ്രകാരം നഷ്ടപരിഹാര നിരക്കുകൾ മുൻപ് ഉണ്ടായിരുന്ന അതേ നിരക്കിൽ പുന:സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ കർഷകർക്ക് ആശ്വാസമാകും വിധം അധികമായി വേണ്ടി വരുന്ന തുക കൃഷി വകുപ്പിന്റെ 2401-00-800-91 പ്ലാൻ ശീർഷകത്തിൽ നിന്നും 01.04.2015 മുതൽ ചിലവഴിച്ച് വരുന്നു.<br>പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുന്നത് റവന്യൂ വകുപ്പിന് കീഴിലുള്ള ദുരന്ത നിവാരണ വകുപ്പാണ്. |

| | | | |
|---|---|---|---|
| സി) | ഓഖി ചുഴലിക്കൊടുങ്കാറ്റിൽ വാഴകൃഷി നശിച്ച കർഷകരിൽ ഭൂരിപക്ഷം പേർക്കും ഇൻഷ്വറൻസ് ഇല്ലായിരുന്നു എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ മൂലം കൃഷിനാശമുണ്ടാകുന്ന സാഹചര്യത്തിൽ മുഴുവൻ കർഷകരെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി കൃഷി ഭവൻ തലത്തിൽ, ക്യാംപെയിനുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് ദുരന്തം ഉണ്ടായി രണ്ടാഴ്ചയ്ക്കകം നഷ്ടപരിഹാരം വിതരണം ചെയ്തു. |
| (ഡി) | കേന്ദ്രസഹായം പഴയ രീതിയിൽ പുന:സ്ഥാപിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേലുള്ള പ്രതികരണമെന്താണ്; അറിയിക്കാമോ ; | (ഡി) | കേന്ദ്രസഹായം പഴയ രീതിയിൽ പുന:സ്ഥാപിക്കുന്നതിന് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുകൂലമായ തീരുമാനമൊന്നും നാളിത് വരെ കൈക്കൊണ്ടിട്ടില്ല. |
| (ഇ) | കൃഷി നാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുകയുടെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഇ) | 2012 മുതൽ കർഷർക്ക് നൽകുവാനുണ്ടായിരുന്ന സംസ്ഥാന വിഹിതത്തിലെ കുടിശ്ശികയിൽ 52 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജില്ലകൾക്ക് നൽകിയിരുന്നു. നിലവിൽ 44.82 കോടി രൂപ കുടിശ്ശികയാണ്. എസ്. ഡി. ആർ. എഫ് വിഹിതം 44 കോടിയോളം രൂപ കഴിഞ്ഞ 2 വർഷങ്ങളിലായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 12.68 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ഇതു കൂടാതെ പാലക്കാട് 2016-17 രണ്ടാം വിളക്കാലത്ത് വരൾച്ച മൂലം കൃഷിയാരംഭിക്കാൻ കഴിയാതെ വന്ന കർഷകർക്ക്, 4 കോടി ഈ സർക്കാർ അനുവദിച്ചു നൽകി.<br>വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളകൾക്ക് ഉടനടി നഷ്ടപരിഹാരം നല്കി വരുന്നുണ്ട്. ഇതുവരെയായി 5705 കർഷകർക്ക് 3.05689 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. മുഴുവൻ കർഷകരെയും വിള ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് എസ്.ഡി.ആർ.എഫ് മാനദണ്ഡം വഴി നല്കിവരുന്ന നഷ്ടപരിഹാരത്തുകയുടെ - നിരക്ക് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്

സ.ഉ.(എം.എസ്)നം.239/2012/ഡി.എം.ഡി. തിരുവനന്തപുരം, തീയതി. 11/06/2012

പരാമർശം:- 1. സ.ഉ.(എം.എസ്)നം 89/2009/ഡി.എം.ഡി തീയതി 16.02.2009
2. സ.ഉ.(എം.എസ്)നം.172/2012/ഡി.എം.ഡി തീയതി 28.04.2012

## ഉത്തരവ്

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും (സംസ്ഥാന ദുരന്ത നിവാരണ നിധി) അനുവദിക്കാവുന്ന നഷ്ടപരിഹാര തുകയുടെ, തോത് കാർഷിക വിളകളുടെ പ്രത്യേക ഇനം തിരിച്ച് പരാമർശ സർക്കാർ ഉത്തരവ് ഒന്ന് പ്രകാരം നിർണ്ണയിച്ചിരുന്നു. സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഇപ്പോൾ നല്കിവരുന്ന നഷ്ടപരിഹാരത്തിന്റെ തോത് പുനർനിർണ്ണയിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് മന്ത്രിയും അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തികൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു.

മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും നല്കിവരുന്ന നഷ്ടപരിഹാരതുകയുടെ തോത് അനുബന്ധം - 1 ൽ പറയുന്ന പ്രകാരം 2012 ഏപ്രിൽ 1 മുതൽ പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു. അനുബന്ധം - 1 ൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിലാകും ലഭ്യമാക്കുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ബി വത്സലകുമാരി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളാ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളാ, തിരുവനന്തപുരം
കൃഷി/മൃഗസംരക്ഷണം/മത്സ്യബന്ധന വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ശാസ്ത്ര സാങ്കേതിക വകുപ്പ്
റവന്യൂ (കെ) സീറ്റ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

| Crop | Existing Rate as per G.O.(Ms) [illegible]/2009 DMD | New rate fixed by the Committee of Ministers |
|---|---|---|
| Paddy (ha) | 1000 | 10000 |
| Coconut (Bearing per no) | 300 | 700 |
| Coconut (not bearing per no) | 100 | 350 |
| Coconut (upto 1 year per no) | 25 | 100 |
| Banana bunched per no | 25 | 100 |
| Banana (non-bunched per no) | 12 | 75 |
| Rubber tapping per no | 60 | 300 |
| Rubber (non tapping per no) | 25 | 200 |
| Cashew (bearing per no) | 60 | 150 |
| Cashew (non bearing above 3/years per no) | 20 | 100 |
| Arecanut bearing per no | 45 | 150 |
| Arecanut (per no non bearing) | 30 | 100 |
| Cocoa (bearing per no) | 30 | 100 |
| Coffee (per no) | 30 | 100 |
| Pepper (bearing per no) | 20 | 75 |
| Ginger (for 10 cents) | 50 | 150 |
| Turmeric (for 10 cents) | 50 | 120 |
| Tapioca (for 25 cents) | 50 | 150 |
| Groundnut (ha) | 750 | 2000 |
| Sesamum | 750 | 1200 |
| Vegetables (for 10 cents) | 50 | 200 |
| Nutmeg (bearing per no) | 100 | 400 |
| Nutmeg (non bearing) | 50 | 150 |
| Clove (bearing per no) | 75 | 200 |
| Clove (non bearing per no) | 25 | 100 |
| Cardamom (ha) | 1500 | 2500 |
| Betel vine (1 cent) | 150 | 300 |
| Pulser (1 ha) | 350 | 1000 |
| Tuber crops (colocasia, yam etc) 10 cents | 50 | 150 |
| Sugarcane (ha) | 1250 | 2500 |
| Pineapple (for 10 cents) | 125 | 750 |
| Fodder grass (gunica congosignal napier 10 cents) | 30 | 150 |
| Mulbery (50 cents) | 125 | 750 |
| Tobacco (10 cents) | 300 | 1500 |
| Cotton (10 cents) | 100 | 300 |

6684
25/5/15

GOVERNMENT OF KERALA

*Abstract*

Disaster Management Department – Natural Calamity Norms for Relief Assistance to the Victims from SDRF/NDRF for the period 2015-2020 – Sanctioned – Orders issued

**DISASTER MANAGEMENT(REVENUE-K) DEPARTMENT**

G.O.(Ms)No.194 /2015/DMD.    Dated, Thiruvananthapuram, 20th May, 2015

Read: 1) G.O.(Ms)No.361/2014/DMD., dated, 21st August, 2014

2) Letter No.32-7/2014-NIDM-I, dated, 8-4-2015 from the Disaster Management Division, Ministry of Home Affairs, Government of India.

***ORDER***

Government of Kerala had revised the norms of relief assistance from State Disaster Response Fund to the victims of natural calamities for 2010-15 in accordance with the recommendations of 13th Finance Commission (TFC) approved by Government of India, Ministry of Home Affairs as per Government Order read as 1st paper above. Government of India has recently further revised the items and norms for assistance from the State Disaster Response Fund/National Disaster Response Fund to the victims of natural calamitites for 2015-20 in accordance with the recommendations of 14th Finance Commission (FFC) in the wake of identified natural calamities as per letter read as 2nd paper above.

2) Accordingly in supersession of the orders issued, read above, the norms and scale of assistance revised by the Goverment of India and given as annexure to this order will be followed for providing relief assitance to victims of natural calamities in the State. This order will have retrospective effect from 1.4.2015.

3) State specific disasters within the local context in the State, which are not included in the notified list of disasters eligible for assistance from SDRF/NDRF, can be met from SDRF within the limit of 10% of the annual funds allocation of the SDRF. Orders in this regard will be issued separately.

(By Order of the Governor)
Dr.VISHWAS MEHTA
Principal Secretary to Government

To

The Secretary to Government of India, Ministry of Home Affairs (DM Division), 'C' Wing, 3rd Floor, NDCC-II, Jai Singh Road, New Delhi - 110001 (with covering letter)

The Secretary, Kerala State Disaster Management Authority, Revenue Complex, Public Office Building, Thiruvananthapuram

All Secretaries of the Secretariat including Finance

All Members of State Disaster Management Authority

The Land Revenue Commissioner, Thiruvananthapuram

The Resident Commissioner, 3, Jantar Mantar Road, Kerala House, New Delhi 110 001

All District Collectors

The Director, Institute of Land and Disaster Management, PTP Nagar, Thiruvananthapuram

The Principal Accountant General (Audit) Kerala, Thiruvananthapuram

The Accountant General (A&E) Kerala, Thiruvananthapuram

All District Treasury Officers
The Accountant General, Branch Office, Kottayam/Ernakulam/Thrissur/
Kozhikode
The Finance(BW)Department
The Information Officer, Web & New Media
Stock File/Office Copy

Copy to:

All Departments of the Secretariat including Finance.
Dirtector of Agriculture
Director of Animal Husbandry
Director of Health Services
PS to all Ministers
PS to Principal Secretary (Revenue & DM)
Revenue K4 Seat

Forwarded/By Order

Section Officer

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശം - സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്‌ഡിആർഎഫ്) നിന്ന് നൽകുന്നതിന് ഉപരിയായി കർഷകർക്ക് ധനസഹായം നൽകുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

കൃഷി (കൃഷി) വകുപ്പ്

സ.ഉ. (കൈ.) നം.182/2015/കൃഷി

തീയതി, തിരുവനന്തപുരം, 29.09.2015.

==========================================================================

പരാമർശം :- 1. സ. ഉ. (എംഎസ്.)നം.239/2012/ഡിഎംഡി, തീയതി 11.06.2012.

2. ജി. ഒ. (എംഎസ്.)നം.194/2015/ഡിഎംഡി, തീയതി 20.05.2015.

<u>ഉത്തരവ്</u>

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്‌ഡിആർഎഫ്) നിന്നാണ് കർഷകർക്ക് ധനസഹായം നല്കുന്നത്. എസ്‌ഡിആർഎഫ്-ൽ നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽ നിന്ന് നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതത് സമയം ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 01.04.2012 മുതൽ പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം പുനർനിർണ്ണയിച്ചിരുന്നു. തുടർന്ന് എസ്‌ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16.01.2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12.09.2012- ലെ ജി.ഒ.(എംഎസ്.) നം.343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ കർഷകർക്ക് പരാമർശം (1) ലെ ഉത്തരവിൽ നിശ്ചയിച്ചിരുന്ന നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു.

എന്നാൽ എസ്‌ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ മേല്പറഞ്ഞ രീതിയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിട്ടില്ല. അതിനാൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. എസ്‌ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ അവസാനമായി 01.04.2015 മുതൽ പ്രാബല്യത്തിൽ പരാമർശം (2) പ്രകാരമാണ് എസ്‌ഡിആർഎഫ് -ൽ നിന്നുള്ള ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്.

ഇത്തരത്തിൽ കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്ന ധനസഹായത്തിൽ വന്ന കുറവ് സർക്കാർ പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള ധനസഹായം പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതലാണെങ്കിൽ അപ്രകാരം ഉയർന്ന നിരക്കിൽ ധനസഹായം നൽകേണ്ടതാണെന്ന് ഉത്തരവാകുന്നു. ഇതിന് അധികമായി ആവശ്യമായി വരുന്ന തുക '2401-00-800-91-പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണ്. ഈ ഉത്തരവിന് 01.04.2015 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

പരാമർശം (1) ലെ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കിൽ ധനസഹായം നല്കേണ്ട വിളകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുബ്രതാ ബിശ്വാസ്**
കാർഷികോല്പാദന കമ്മീഷണർ &
ഗവൺമെന്റ് പ്രിൻസിപ്പിൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
കൃഷി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂ/ധനകാര്യ വകുപ്പുകൾ
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം.

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | വിള | ജി.ഒ.(എംഎസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ഉള്ള ധനസഹായത്തിന്റെ നിരക്ക് |
|---|---|---|
| 1. | തെങ്ങ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 700 |
| 2. | തെങ്ങ് (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 350 |
| 3. | തെങ്ങ് (ഒരു വർഷം വരെ പ്രായമായത് ഒരെണ്ണത്തിന്) | 100 |
| 4. | വാഴ (കുലച്ചത് ഒരെണ്ണത്തിന്) | 100 |
| 5. | വാഴ (കുലയ്ക്കാത്തത് ഒരെണ്ണത്തിന്) | 75 |
| 6. | റബ്ബർ (ടാപ്പ് ചെയ്യുന്നത് ഒരെണ്ണത്തിന്) | 300 |
| 7. | റബ്ബർ (ടാപ്പ് ചെയ്യാത്തത് ഒരെണ്ണത്തിന്) | 200 |
| 8. | കശുമാവ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 150 |
| 9. | കശുമാവ് (കായ്ഫലമില്ലാത്തത് മൂന്നു വർഷത്തിനു മുകളിൽ പ്രായമായത് ഒരെണ്ണത്തിന്) | 100 |
| 10. | കമുക് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 150 |
| 11. | കമുക് (കായ്ഫലമില്ലാത്തത്) | 100 |
| 12. | കൊക്കോ (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 100 |
| 13. | കാപ്പി (ഒരെണ്ണത്തിന്) | 100 |
| 14. | കുരുമുളക് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 75 |
| 15. | ജാതി (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 400 |
| 16. | ജാതി (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 150 |
| 17. | ഗ്രാമ്പൂ (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 200 |
| 18. | ഗ്രാമ്പൂ (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 100 |
| 19. | വെറ്റിലക്കൊടി (1 സെന്റിന്) | 300 |
| 20. | കൈതച്ചക്ക (10 സെന്റിന്) | 750 |
| 21. | പുകയില (10 സെന്റിന്) | 1,500 |